പതിമൂന്നാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1932 — 25.03.2013 ൽ മറുപടിക്ക്

## പാസ്പോർട്ട് അപേക്ഷയിൽ തീർപ്പുകൽപ്പിക്കാൻ സമയപരിധി

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. എൻ. എ. നെല്ലിക്കുന്ന് | | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി | |
| (എ) | പാസ്പോർട്ട് അപേക്ഷയിൽ തീർപ്പുകൽപ്പിക്കാൻ സമയപരിധി നിശ്ചയിച്ചിട്ടുള്ള സാഹചര്യത്തിൽ പോലീസ് വെരിഫിക്കേഷൻ നടപടി പൂർത്തിയാക്കി റിപ്പോർട്ട് നൽകാൻ സമയപരിധി നിശ്ചയിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ, സമയപരിധി നിശ്ചയിക്കുമോ; | (എ) | നിശ്ചയിച്ചിട്ടുണ്ട്. |
| (ബി) | കാസറഗോഡ് ജില്ലയിൽ പാസ്പോർട്ട് വെരിഫിക്കേഷനിൽ അനാവശ്യകാലതാമസം വരുത്തുന്നതായ പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (സി) | ജില്ലയിൽ ഏതു തീയതി വരെ വെരിഫിക്കേഷനു ലഭിച്ച അപേക്ഷകളിൽ റിപ്പോർട്ട് നൽകിയിട്ടണ്ട്; | (സി) | 05.03.2013 തീയതി വരെ വെരിഫിക്കേഷന് ലഭിച്ച അപേക്ഷകളിന്മേൽ ഭൂരിഭാഗവും വെരിഫിക്കേഷന് ശേഷം തിരിച്ചയച്ചിട്ടുണ്ട്. |
| (ഡി) | 01.03.2013 വരെ ലഭിച്ചതിൽ ഇനി എത്ര അപേക്ഷകളിന്മേൽ റിപ്പോർട്ട് നൽകാനുണ്ട്; അതിൽ ഏറ്റവും പഴക്കമുള്ള അപേക്ഷ വെരിഫിക്കേഷനായി ലഭിച്ച തീയതി എന്നാണെന്നു വെളിപ്പെടുത്തുമോ? | (ഡി) | 769 അപേക്ഷകളിന്മേൽ റിപ്പോർട്ട് നൽകാനുണ്ട്. ഏറ്റവും പഴക്കമുള്ള അപേക്ഷ വെരിഫിക്കേഷനായി ലഭിച്ച തീയതി 25.12.2012 ആണ്. |

സെക്ഷൻ ഓഫീസർ